# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകൾ - (യു.ജി.) ലായുടെ പഠനബോർഡ് യോഗത്തിന്റെ ശുപാർശകൾ- അംഗീകരിച്ചു-ഉത്തരവാകുന്നു.

---

### അക്കാദമിക് എ4 വിഭാഗം

സ.ഉ.നം. 2619/എ4/2/2017/അക്കാദമിക്    തീയതി, പിഡി ഹിൽസ്, 16/03/2018

---

പരാമർശം:-(1) 23.01.2018-ാം തീയതിയിൽ കൂടിയ (യു.ജി.) ലായുടെ പഠനബോർഡ് യോഗത്തിന്റെ മിനിറ്റ്സ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം 23.01.2018-ാം തീയതിയിൽ കൂടിയ (യു.ജി.) ലായുടെ പഠനബോർഡ് യോഗം താഴെ പറയുന്ന ശുപാർശകൾ സർവ്വകലാശാല മുൻപാകെ സമർപ്പിച്ചു.

1. പഞ്ചവത്സര ബി.എ ക്രിമിനോളജി എൽ.എൽ.ബി കോഴ്സിന്റെ നിലവിലുള്ള സിലബസ് (യു.ജി.) ലായുടെ പഠനബോർഡ് വിശദമായി ചർച്ച ചെയ്യുകയും, ടി കോഴ്സിന്റെ 2012 മുതൽ 2015 വരെയുള്ള അഡ്മിഷൻ ബാച്ചുകൾക്ക് (നാല് ബാച്ചുകൾ) "B.A , LL.B (5 Year) Integrated Degree Course" എന്ന പേര് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ബി.എ ക്രിമിനോളജി കോഴ്സിന്റെ നിലവിലെ സിലബസിലെ ലാ സബ്ജക്ട്, നോൺ ലാ സബ്ജക്ട് എന്നിവ പരിഗണിച്ച പഠനബോർഡ് 'ലിബറൽ ഡിസിപ്ലിൻ' ഗണത്തിൽ 15 വിഷയങ്ങൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളുവെന്ന് കണ്ടെത്തി. (പൊളിറ്റിക്കൽ സയൻസ്-4, പബ്ലിക് അഡ്മിനിസ്ട്രേഷൻ-3, ഇംഗ്ലീഷ്-4, മലയാളം-4)

ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ 2008-ലെ നിയമാവലി പട്ടിക II, ഭാഗം III, ഏട് 300 അനുസരിച്ച് ലിബറൽ ഡിസിപ്ലിൻ വിഭാഗത്തിൽ പാസ് കോഴ്സിന് 14 പേപ്പറും ഓണേഴ്സ് ഡിഗ്രിക്ക് 20 പേപ്പറുകളും വേണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ പഞ്ചവത്സര ബി.എ., എൽ.എൽ.ബി ഇന്റഗ്രേറ്റഡ് കോഴ്സിന്റെ 2012 മുതൽ 2015 വരെയുള്ള അഡ്മിഷൻ ബാച്ചുകളിൽ പ്രവേശനം നൽകപ്പെട്ട വിദ്യാർത്ഥികൾക്കു വേണ്ടി ടി കോഴ്സിന് "B.A , LL.B (5 Year) Integrated Degree Course" എന്ന പേര് ശുപാർശ ചെയ്യുവാൻ ബോർഡ് തീരുമാനിച്ചു.

2. ത്രിവത്സര എൽ.എൽ.ബി കോഴ്സിന്റെ പാഠ്യപദ്ധതി പുനരവലോകനത്തിനും പൂർത്തീകരണത്തിനുമായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു പുതിയ സമിതി രൂപീകരിക്കുവാൻ ശുപാർശ ചെയ്യുവാൻ പഠനബോർഡ് തീരുമാനിച്ചു.

1. ഡോ. രഘുനാഥൻ കെ.ആർ, പ്രിൻസിപ്പൽ, GLC, എറണാകുളം (കൺവീനർ)
3. ഡോ. ഗിഫ്റ്റി ഉമ്മൻ, അസിസ്റ്റന്റ് പ്രൊഫസർ, GLC, എറണാകുളം (അംഗം)
4. ഡോ. ഷീബ പിള്ള, അസിസ്റ്റന്റ് പ്രൊഫസർ, SILT, കോട്ടയം (അംഗം)
5. ഡോ. വാണി കേസരി എ, അസിസ്റ്റന്റ് പ്രൊഫസർ, SLS, കുസാറ്റ് (അംഗം)

ടി സമിതിയുടെ കരട് പ്രൊപ്പോസൽ മൂന്നു മാസത്തിനകം സമർപ്പിക്കാവുന്നതായിരിക്കും.

(3) 16.01.2018-ാം തീയതിയിലെ പഠനബോർഡ് യോഗത്തിന്റെ അജണ്ട ഇനം '3' ബോർഡ് പുന:പരിശോധിക്കുകയും, ബി.എ ക്രിമിനോളജി എൽ.എൽ.ബി (ഓണേഴ്സ്) ഇന്റഗ്രേറ്റഡ് കോഴ്സ്, ബി.എ. എൽ.എൽ.ബി (5 ഇയർ) ഇന്റഗ്രേറ്റഡ് ഡിഗ്രി കോഴ്സ്, ബി.കോം എൽ.എൽ.ബി (ഓണേഴ്സ്) (5 ഇയർ) ഇന്റഗ്രേറ്റഡ് ഡിഗ്രി കോഴ്സ്, ബി.ബി.എ. എൽ.എൽ.ബി (ഓണേഴ്സ്) (5 ഇയർ) ഇന്റഗ്രേറ്റഡ് ഡിഗ്രി കോഴ്സുകൾക്കും 2011 മുതലുള്ള ഇതര പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡിഗ്രി കോഴ്സുകൾക്കും ഇന്റേണൽ റീഡു അനുവദനീയമല്ല എന്ന് ശുപാർശ ചെയ്യുവാൻ ബോർഡ് അന്തിമമായി തീരുമാനിക്കുകയും ചെയ്തു.

ടി വിഷയം പരിശോധിച്ച വൈസ് ചാൻസിലർ (യു.ജി.) ലായുടെ പഠനബോർഡ് യോഗത്തിന്റെ ടി ശുപാർശകൾ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ഉത്തരവിട്ടു. എന്നാൽ വിഷയത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച്, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം, അദ്ധ്യായം (3), 10(17) വകുപ്പ് പ്രകാരം വൈസ് ചാൻസിലർ (യു.ജി) ലായുടെ പഠനബോർഡിന്റെ ടി ശുപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ജോർജ്ജ് കെ വർഗ്ഗീസ്
ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പി. എസ് മാർ
2. രജിസ്ട്രാറുടെ/പരീക്ഷാകൺട്രോളറുടെ പി എ മാർ
3. ചെയർമാൻ, (യു.ജി.) ലായുടെ പഠനബോർഡ്
4. ഡീൻ, ഫാക്കൽറ്റി ഓഫ് ലാ
5. ജെ.ആർ/ഡി.ആർ/എ.ആർ (പരീക്ഷ/അക്കാദമിക്)
6. ഇ.ഐ 37 സെക്ഷൻ
7. എസി.എൽ/എസി.സി I & II/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
8. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ4/2/ബി.ഒ.എസ് ലാ (യു.ജി)/2019/അക്കാദമിക്